

പയനീർ എൻററർടെയിനേഴ്സ്

# സ്വന്തംകാര്യം സിന്ദാബാദ്

മലയാളം ഈസ്റ്റ്മാൻ കളർ

222

# സ്വന്തംകാര്യം സിന്ദാബാദ്

## കഥാസാരം

ശ്രീപുരത്തിലെ ജമീന്ദാർ മരിക്കുന്നതിനു മുമ്പു ഒരു വിൽപത്ര പ്രകാരം തൻെറ വിലതീരാത്ത രത്നാഭരണങ്ങളെല്ലാം ഇഷ്ടദേവനായ ഭദ്രാചലമൂർത്തിക്കു കാണിക്കയായി സമർപ്പിക്കുന്നു. അദ്ദേഹത്തിൻെറ മരണശേഷം ദിവാൻ നാഗഭൂഷണം ആഭരണങ്ങളെല്ലാം ക്ഷേത്രാധികാരിയായ ധർമ്മറാവുവിനെ ഏല്പിച്ചു. സീൽ വെച്ച ആഭരണപ്പെട്ടിയുമായി പോലീസു അകമ്പടിയോടു കൂടി ധർമ്മറാവു ഭദ്രാചലത്തേക്കു പുറപ്പെട്ടു. വഴിയിൽവെച്ച് അവർ സഞ്ചരിച്ചിരുന്ന വാനിന് അപകടം സംഭവിച്ചു. ധർമ്മറാവു മരിച്ചു. പെട്ടിനഷ്ടപ്പെട്ടു. ഇരുപതു വർഷങ്ങൾക്കു മുമ്പാണിതു്

ധർമ്മറാവുവിൻെറ മൂത്തപുത്രനായ രാജറാവു ഇന്നു ഒരു ബാങ്കിൻെറ മാനേജരാണ്. അനുജൻ ഗോപാൽ വിദ്യാഭ്യാസമെല്ലാം കഴിഞ്ഞു ജോലിയില്ലാതെ നടക്കുന്നു.

ചതുരംഗത്തിൽ ചാമ്പ്യൻ ഷിപ്പു നേടിയ പ്രസിദ്ധനായ ഗോപാൽറാവുവിനെ പോലീസു കമ്മീഷണർ പ്രഭാകർറാവു ചതുരംഗം കളിക്കാനായി തൻെറ വീട്ടിലേക്കു ക്ഷണിച്ചു. 20 വർഷങ്ങൾക്കുമുൻപ് അപകടപ്പെട്ട വാനിന് അകമ്പടിസേവിച്ചിരുന്ന പോലീസ് ഇൻസ്പെക്ടറാണ് ഇന്ന് പോലീസ് കമ്മീഷ്ണർ ആയിരിക്കുന്ന പ്രഭാകരൻ. അദ്ദേഹത്തിൻെറ സ്നേഹവാത്സല്യങ്ങൾക്കു പാത്രമായിതീർന്ന ഗോപി ( ഗോപാൽ ) ഒടുവിൽ അദ്ദേഹത്തിൻെറ പുത്രിരാധയുമായി പ്രണയബന്ധത്തിലായി – അവർ തമ്മിലുള്ള വിവാഹം നിശ്ചയിക്കപ്പെട്ടു.

ദിവാൻ നാഗഭൂഷണം നാട്ടിലെ ഏററവും വലിയ നേതാവായി വളന്നു. പൊതുജന സേവനത്തിൻെറ പേരിൽ അദ്ദേഹം പ്രജാബന്ധു എന്ന പദവി ലഭിച്ചു. നാടുനീളെ അദ്ദേഹത്തിൻെറ പ്രതിമകൾ സ്ഥാപിക്കപ്പെട്ടു. മുൻനാട്ടുരാജാക്കന്മാർ, ജന്മിമാർ കോടീശ്വരന്മാരായ മാർവാഡികൾ മില്ലുടമകൾ, മന്ത്രിബന്ധുക്കൾ തുടങ്ങിയവർ അദ്ദേഹത്തിൻെറ ബിസ്സിനസ്സുകളിൽ പങ്കുകാരായിചേന്നു.

ഒരുദിവസം പ്രജാബന്ധു നാഗഭൂഷണവും അദ്ദേഹത്തിൻെറ

മാനേജർ കാന്തറാവുവും (ഇരുപതു കൊല്ലം മുൻപു് ഒരു കോൺസ്റ്റബിറം ആയിരുന്ന കാന്തറാവു അപകടം സംഭവിച്ച വാനിനു് അകമ്പടി സേവിച്ചിരുന്ന ആളാണ്) ചേർന്നു ബാങ്കുമാനേജർ രാജറാവുവിനു് ഒരു പാർട്ടികൊടുത്തു. മദ്യത്തിൽ മയക്കിയും മഹിളയെ കൊടുത്തും അവിഹിതമായ ലാഭമുണ്ടാക്കുകയായിരുന്നു അവരുടെ ലക്ഷ്യം. പക്ഷേ നീതിമാനായ രാജറാവു വഴങ്ങിയില്ല. ശത്രുവായിമാറിയ പ്രജാബന്ധു കാഷ്യറെ സ്വാധിനിച്ചു ബാങ്കിൻെറ സേഫിൽ കള്ളനോട്ടു വെയ്പിക്കുകയും നിരപരാധിയായ മാനേജരെ ജയിലിലടപ്പിക്കുകയും ചെയ്തു.

ജേഷ്ഠൻെറ ജയിൽ ശിക്ഷ ഗോപിയെ അസ്വസ്ഥനാക്കി. യഥാർത്ഥ കുററവാളിയെ കണ്ടു പിടിക്കാനുള്ള ശ്രമത്തിനിടയിൽ അയാരം പ്രജാബന്ധുവിനെ കണ്ടുമുട്ടി. ജേഷ്ഠൻ ശിക്ഷയനുഭവിക്കേണ്ടിവന്ന സാഹചര്യങ്ങരം വിശദീകരിച്ച കൂട്ടത്തിൽ അവരുടെ അച്ഛൻെറ മരണവുമായി ഇതിനു ബന്ധമുണ്ടെന്നുകൂടെ പ്രജാബന്ധു ഗോപിയെ ധരിപ്പിച്ചു.

മോട്ടോർ അപകടത്തിലാണ് തൻെറ അച്ഛൻ മരിച്ചതെന്നു വിശ്വസിച്ചിരുന്ന ഗോപിക്കു് ഈ പുതിയ അറിവു് ഞെട്ടലുണ്ടാക്കി. അന്നു് ഇൻസ്പെക്ടർ ആയിരുന്ന ഇന്നത്തെ പോലീസ് കമ്മീഷണർ പ്രജാകർറാവുവാണു് തൻെറ അച്ഛൻെറ ഘാതകനെന്നു കാന്തറാവുവിൽ നിന്നും ഗോപി മനസ്സിലാക്കി. അവിശ്വസനീയമായ ഈകഥ വ്യക്തമായ തെളിവിൻെറ അടിസ്ഥാനത്തിൽ വിശ്വസിക്കേണ്ടിവന്ന ഗോപി പോലീസു കമ്മീഷണരെ അദ്ദേഹത്തിൻെറ മകളും തൻെറ പ്രതിശ്രുത വധുവുമായ രാധയുടെ മുമ്പിൽവെച്ചു് വെടിവെച്ചു കൊന്നു. അങ്ങിനെ ഗോപിയും തുറുങ്കിലടക്കപ്പെട്ടു.

അനാഥയായി തീൎന്ന രാധയുടെ സംരക്ഷണ ചുമതല പോലീസു് ഐ. ജി. ഏറെറടുത്തു.

ആയിടക്കാണു് അമേരിക്കയിൽ നിന്നും ബ്രൗൺ എന്നു പേരായ ഒരു കോടീശ്വരൻ പുതിയ വ്യവസായ മേഖലകരം തേടി ഇന്ത്യയിലെത്തിയതു്. അദ്ദേഹത്തെ സ്വീകരിക്കുവാൻ കൂടിയ യോഗത്തിൽ പ്രജാബന്ധുവും മകരം രോജാകുമാരിയും തങ്ങളുടെ കൂട്ടുവ്യവസായികളോടൊപ്പം സന്നിഹിതരായിരുന്നു. രോജാകുമാരി പ്രഥമ ദർശനത്തിൽ തന്നെ ബ്രൗണിൽ മോഹിത

യായിതീൻ. പോലീസു ഐ. ജി. യുടെ ആഗ്രഹപ്രകാരം രാധയും ആ സ്വീകരണ യോഗത്തിൽ പങ്കെടുക്കുകയും ബ്രൗണിൻെറ സെക്രട്ടറി സ്ഥാനം സ്വീകരിക്കുകയും ചെയ്തു.

ബ്രൗൺ ധ്വരയുടെ പണക്കൊഴുപ്പും വ്യാപാരവൈദഗ്ദ്ധ്യവും പ്രജാബന്ധുവിനെയും കൂട്ടരെയും ഹഠാദാകർഷിച്ചു. അനർഘരത്നങ്ങളും പ്രാചീന ശില്പങ്ങളും സംഭരിച്ച് വിദേശങ്ങളിലേക്കയച്ച് വൻതുകകൾ നേടുന്ന ബ്രൗണിൻെറ സാമർത്ഥ്യം കണ്ട് പ്രജാബന്ധുക്കൾ അമ്പരന്നു. അവരെല്ലാം തങ്ങളുടെ കൈവശമുള്ള കള്ളപ്പണമെല്ലാം ബ്രൗണിനെ ഏല്പിച്ച് വെള്ളപണമായി എടുക്കുവാൻ അഹമഹമികയാ മുമ്പോട്ടു വന്നു. ധ്വരയുടെ ശക്തിയിലും സാമർത്ഥ്യത്തിലും അന്ധമായി വിശ്വസിച്ചുപോന്ന നാഗഭൂഷണം തനൊളിച്ചുവെച്ചിരുന്ന അമൂല്യങ്ങളായ രത്നാഭരണങ്ങളെല്ലാം അദ്ദേഹത്തിനെ കാണിച്ചു അവയെല്ലാം പണമാക്കിതരണമെന്നും അതോടൊപ്പം തൻെറ മകളെ കൈക്കൊള്ളണമെന്നും അയാൾ ധ്വരയോടപേക്ഷിച്ചു.

അങ്ങിനെയാണ് ആരാണ് പ്രജാബന്ധു എന്നും എന്താണ് അയാളുടെയും കൂട്ടകാരുടെയും പ്രവത്തനമെന്നും ധ്വരക്കു മനസ്സിലാകുന്നതു്. രാജ്യദ്രോഹികളായ ഈ കള്ളപ്പണക്കാരെ ഒരു പാഠം പഠിപ്പിക്കുവാൻ അയാൾ തീരുമാനിച്ചു. എല്ലാ സഹായത്തിനും സെക്രട്ടറി രാധ കൂടെ ഉണ്ടായിരുന്നു.

സമൂഹത്തിൻെറ നെടും തൂണായി പരിലസിച്ചിരുന്ന നേതാവിൻെറ രഹസ്യങ്ങൾ പുറത്തായി. ജനങ്ങൾ ആർത്തിളകി. നാടുനീളെ സ്ഥാപിക്കപ്പെട്ടിരുന്ന പ്രതിമകൾ അവർ തല്ലിത്തകർത്തു. ഇതിനെല്ലാം നേതൃത്വം വഹിച്ച മി. ബ്രൗൺ ആരാണ്? അദ്ദേഹത്തെകണ്ടു് ഭ്രാന്തെടുത്തു നടന്ന രാജകുമാരിയുടെ അനുഭവം എന്തായി? നാഗഭൂഷണത്തിൻെറ അന്ത്യം എങ്ങിനെയായിരുന്നു. സെക്രട്ടറി രധയോടു് ഞെട്ടിപ്പിക്കുന്ന ഈ രഹസ്യങ്ങളെല്ലാം ഒന്നൊന്നായി അനാവരണം ചെയ്യുന്ന രോമാഞ്ചകാരിയായ ഒരു കളർ ചിത്രമാണ്–ആധുനിക കള്ളപ്പണത്തിൻെറ സംഭവബഹുലമായ ഇതിഹാസമാണ് 'സ്വന്തംകാര്യം സിന്ദാബാദ്.'

★

ഗാനം 1 പാടിയവർ : പി. സുശീല, യേശുദാസ്

പെൺ: പൂമാനത്തിൻ മേഘമിടഞ്ഞാൽ മിന്നൽ വരവായി
ആൺ; മനസ്സുകൾ രണ്ടുമുരുമ്മുമ്പോഴോ വളരും പ്രേമനദി
( ...... )
പെൺ: മിന്നുമാല മാറിലണിഞ്ഞാൽ കരളിൽ പിന്നൊരു
നവലഹരി
ആബ: ആപൂത്തൻ മോഹം പൂക്കും രാത്രികൾ
നേടിട്ട മുജ്ജ്വല നിനവുകളെ
കണ്ണുകൾ നാലും ഇടഞ്ഞാലുടനെ പുഞ്ചിരിതൻ
വെണ്ണിലയായി
പെൺ: ആ വെള്ളി നിലാവലനാരം പോയാലും
തുള്ളകയായ് വധുതന്നുള്ളിൽ
( ...... )
പെൺ; ആശാ രഥമാം എൻെറ ജന്മവും
അനപർത്ഥമാക്കുമീ മംഗല്യ!ം
ആൺ: ആവരങ്ങൾ നേടിയ മഹിളേ മഹിയിതിൽ
ആറാം പ്രാണൻ ആണിനു നീ!
അരികിലിരുന്നാൽ നൊടിപോലല്ലേ
അരുമസഖീ ദിന മോടുന്നു
പെൺ: ആഹൃദ്ബന്ധം ഏഴേഴു ജന്മവും
വിട്ടകലാതെ വളൎന്നീടും ( ...... )

ഗാനം 2 പാടിയതു് : എസ്. ജാനകി

മതി മതി കൊതി കൊതി
അരികിൽ ഞാൻ പാടാം
ചിരി ചിരി രതി രതി
ഇതോ നിൻെറ മുന്നിൽ! (മതീ ......)
ഇന്നലെയെ യോക്കരുതേ
ഇന്നു നമ്മൾ രമിക്കുക.

ഈ ക്ഷണമേ ഈ സുഖമേ
ശാശ്വത മെന്നറിയുക.
ആ ഒളിവും മറവുമെന്തിനായ്
നിറയെ മദ്യം പകരുക —(മതി...)

വയസ്സും പ്രിയവും ധനവും ഗുണവും
വർത്തക മെന്നറിയുക.
ഊടുവഴികൾ കണ്ടറിഞ്ഞു
പണവും സുഖവും നേടുക
ഈ വേള വൃഥാ കളയരുതേ!
ഈ നവയൗവനം തേടിവരും! ( മതി... )

ഗാനം 3 പാടിയതു് : എൽ. ആർ. ഈശ്വരി

ഏതോ താപം ഒരേമയക്കം
എന്തു ദാഹം – ഇനിയെന്തു ചെയ്യേണ്ടു ഞാൻ
എന്റെ പൂന്തനു വല്ലി മെങ്ങനൊളിക്കേണ്ടു ഞാൻ?
ഏതോ താപം... ഒരേ മയക്കം
കള്ളനോട്ടവും കോട്ടുവായും
എന്തിനാണെന്നോക്കുക
വേണ്ട പേടി–. മദിക്കും മാറിൽ
എന്നെ നന്നായ് ചേർക്കുക ( ഏതോ... )
അന്നു രാത്രിയിൽ എന്റെ മുന്നിലും
പാടത്രപെട്ടതു പാപമോ?
പിന്നൊരിക്കൽ എന്റെ ചിരിയിൽ
നിനക്കു പെരുകീ കോപവും
മഞ്ഞു കിനിയും രാവിലെന്തേ
കന്നി മേനി പൊള്ളുവാൻ
ഞാൻ നമിക്കാം മമതയാലേ
മനസ്സു നൽകു തമ്പുരാൻ ( ഏതോ... )

ഗാനം 4 പാടിയതു് : പി. സുശീല

സ്വാഗതം തരാം സുസ്വാഗതം ( 2 )
ദേവഗംഗ പാടിടുന്നു ദിവ്യദേശത്തിൽ
അന്നപൂർണ്ണയെ ഭജിക്കും വർഷഭൂമിയിൽ (സ്വാഗതം...)

മെല്ലെ ഗാനം പാടിവരും മാരുതനും
കല്ലോലിനി തന്നലതൻ ഗീതകവും
കർഷകർ തൻ പൊലിയേ പൊലിനാദവും
തെളിയും ഹൃദയ ദീപികയാൽ ആരതി നല്ലയായ്

(സ്വാഗതം ...)

ഗോദാവരി പാദങ്ങളിൽ നീർ തളിക്കാൻ
പെരിയാറിൻ പ്രിയതരംഗം പീഠമേകാൻ
കൃഷ്ണവേണി, മധുര, ത്തേൻ വിളമ്പുവാൻ
കാട്ടുറാണി കാവേരിപ്പെൺ താംബൂല മേകുവാൻ

(സ്വാഗതം ...)

അജാന്ത എല്ലോറാ കന്യകകൾ
ഓർമ്മകൾ തൻ വീണയേന്തും സുന്ദരികൾ തുള്ളിയാടി
കാശ്മീർ കന്യാകുമാരിയൊത്തു ചേർന്നു
ഗന്ധ സ്മൃതിയിതു പാടവേ ഗർവ്വത്തിൻ തിര കരളിൽ

(സ്വാഗതം ...)

ഗാനം 5 — പാടിയതു് : പി. സുശീല

കരയിൽ വന്നു നിന്നിട്ടും
കണ്ണു പെട്ടതില്ലെന്നോ... ?
മെല്ലെ ചേലയിൽ തൊട്ടുകൊണ്ടേ
മണ്ടനേ പ്പോലിരിക്കുന്നു .. സായിപ്പേ
മണ്ടനേപ്പോലിരിക്കുന്നു. — (കരയിൽ... )

ആർദ്രയാം ചെറുമുല്ലയീ ഞാൻ
രേണു വിതറും താമരഞാൻ
തളരും തനുവിൽ കുളിരു പൂക്കും
തെളു തെളെ മുഖം മിന്നുണ്ടുന്നു
കള്ളനേപ്പോൽ നോക്കിയിട്ടും
കണ്ടില്ലെന്നേ നടിക്കുന്നു
ഏതു പാഠം കാണാഞ്ഞിട്ടോ
പുസ്തകത്തിൽ നോക്കീടുന്നു (കരയിൽ ... )

നീന്തിടാനായ് വന്നിവിടെഞാൻ
ആഴം നേടുക വേണ്ടതല്ലേ

ക്കുട്ട നീന്താൻ വെമ്പിവന്നു
കൂട്ടുകാരൻ കരയിൽ പോന്നു;

നീന്തി നീന്തി യെൻെറ മനസ്സിൽ
നീന്തുകാരനെ കടക്കും ഞാൻ
നീന്നെ മറന്നു മുങ്ങീടും നീ
കള്ളനായിട്ടെൻെറ കരളിൽ ( കരയിൽ ... )

ഗാനം 6 പാടിയതു് : പി. സുശീല

എൻ വീണക്കു ശ്രുതിയേതോ
എൻ ദേവനു ഹൃദയമേതോ
എൻ പാട്ടിനു പല്ലവി യേതോ
ഈ വാഴ്‌വിതിനെന്താണർത്ഥം ഉലകിൽ (എൻ ... )

സൗന്ദര്യത്തിനു വിലയിടുവോർക്കായ്
അനുരാഗം വില പേശുന്നോർക്കായ്
തകന്ന തന്ത്രികൾ മീട്ടുന്നോർക്കായ്
ഞാനെന്തിനി ചെയ്യാനോ.

ഞാൻ പാട്ടേതു പാടാനോ
അതോ കണ്ണീരൊഴുക്കാനോ
ആ കണ്ണീരെന്തിനി നേടും
എൻ പാട്ടിനു പല്ലവിയേതോ
ഈ വാഴ്‌വിതിനെന്താണർത്ഥം ഉലകിൽ ( എൻ ... )

എന്തിനു ഞാൻ പെണ്ണായ് ജനിച്ചു
എൻ ചാരിത്രം ബലിയാക്കാനോ
നാരികൾ അബലകൾ വഞ്ചിതരാണെന്നും
ഇതിൻ കാരണമെന്താണോ

ആ ദൈവം വിധിച്ചെന്നോ
ഇനിയെവിടെ യാണഭയം
ഈ പാപിക്കു മരണം താനോ
ഈ വാഴ്‌വിതിനെന്താണർത്ഥം ഉലകിൽ

( എൻ ... )

ഗാനം 7 പാടിയതു് : പി. സുശീല

ഇതു താനോ നം സംസ്കൃതി
ഇതു താനോ നം പുരോഗതി
ഊഞ്ഞാലിലാട്ടം വയസ്സിലു്
സംഗീത മാകെ മനസ്സിലു്

എത്ര തരം മധുചിന്തകൾ മലരും
പ്രിയതമയാകാൻ പെൺമ കൊതിപ്പൂ
മഞ്ഞല തഴകിയ മല്ലികപോലെ
കാത്തിരിക്കവോരം കന്യക

ഒരു കന്നിക്കു് ഒരേപുരുഷൻ
അതേ അതേ നം സംസ്കൃതി
അതേ അതേ പുരോഗതി [——]
കുലസതിയായു് പതിയെ വന്ദിച്ചു്

ദിനരാത്രവും മനസ്സിൽ പൂജിച്ചു്
അവൻ വാഴും കാനനവും
നന്ദന വാനിയെന്നോർമ്മിച്ചു്
പതിദേവനെ അനുസരിപ്പതേ

സതീത്വ മെന്നതു പരമാത്ഥം
ഒരു സീതയ്ക്കു് ഒരേ രാമനും
അതേ അതേ നം സംസ്കൃതി
അതേ അതേ പുരോഗതി [——]

നല്ല ഭാര്യയായു് കുടുംബ വിളക്കായു്
നല്ല പുത്രനെ പോററിവളർത്തി
സത്യം – ധമ്മം – ശൗര്യഗുണം
നീത്യസൂക്തമെന്നുരചെയ്തു്

അതിരു കാത്തിട്ടും ധീരജവാനെ
തീർത്തിടുന്നതേ കർത്തവ്യം
ഒരു നാരിക്കു് ഒരേ ആശയം
ഇതു താനേ നം സംസ്കൃതി
ഇതു താനേ നം പുരേഗേതി.

പാടിയതു് :
ഗാനം 8 എസ്. ബി. ബാലസുബ്രഹ്മണ്യം

യാചിച്ചു ഞാൻ അന്നം പലയിടം
ഭ്രാന്താണെന്നലറി ചെന്നായ്ക്കൾ
കരഞ്ഞു മെല്ലെ ന്യായം പറഞ്ഞു
എൻ നെഞ്ചിലടിച്ചു ചെന്നായ്ക്കൾ — എനിക്കു
ഭ്രാന്താണെന്നലറി ചെന്നായ്ക്കൾ (യാചിച്ചു...)

പെണ്ണിന്റെ മിന്നും നോട്ടാക്കിമാററി
പാവം ഞാൻ റേഷൻ വാങ്ങാനായ് ചെന്നു
കല്ലാണു തന്നതു ചെന്നായ്ക്കൾ — എനിക്കു
കല്ലാണു തന്നതു ചെന്നായ്ക്കൾ

കിട്ടിയ റേഷനിൽ പാതിയും പുഴുതിന്നു
കല്ലു കളഞ്ഞാലും പതിർപാതി അരിപാതി സാറെ
കൈക്കൂലി വാങ്ങി കരിഞ്ചന്ത കാട്ടി

പണം ചേർത്തു വെക്കും ചെന്നായ്ക്കൾ
മനുഷ്യനന്മയെ പണത്തിനു വില്ക്കും ചെന്നായ്ക്കൾ
(യാചിച്ചു ...)

ദേശോദ്ധാരക വേഷമണിഞ്ഞിടും
ദേശദ്രോഹികൾ ചെന്നായ്ക്കൾ
കള്ളക്കടത്തിൻ കുത്തകക്കാരാണീ ദുഷ്ട നേതാക്കൾ
പക്ഷമില്ലിതിലധികം വൈകാതെ

പുഴുത്തു ചാകുമീ നേതാക്കൾ
പുതുയുഗമതിൻ ശത്രുക്കൾ
ഈ ദുഷ്ട നേതാക്കൾ. (യാചിച്ചു ...)

---


# പ്രതീക്ഷിപ്പിൻ!!

പയനീയറിന്റെ മറെറാരു മഹോന്നത കലാസൃഷ്ടി

ഈസ്റ്റ്മാൻ കളറിൽ

## ശ്രീരാമ ഹനുമാൻ യുദ്ധം (മലയാളം)

## പയനീർ എൻറർടെയിനേഴ്സ്

അവതരിപ്പിക്കുന്ന

## ദീപ്തി ഇൻറർനാഷണലിൻെറ

# സ്വന്തം കാര്യം സിന്ദാബാദ്!!

( മലയാളം ) ഈസ്റ്റ്മാൻകളർ

കഥ — ദീപ്തി ഇൻറർ നാഷണലിൻെറ കഥാവിഭാഗം

സംഭാഷണം അഭയദേവ്

ഗാനങ്ങൾ — ശ്രീകുമാരൻതമ്പി.

സംഗീതം കെ. വി. മഹാദേവൻ

സ്റ്റുഡിയോ — വാഹിനി.

ക്യാമറ — ജി. കെ. രാമു

സംവിധാനം സി. എസ്. റാവു

ലാബറട്ടറി.

## ജെമിനി കളർ ലാബറട്ടറി.

നിർമ്മാണം

## പയനീർ എൻറർടെയിനേഴ്സ്

വിദ്യാ പ്രിൻറ്സ് കൊച്ചിൻ – 18 ഫോൺ : 33462